# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4677

29-06-2012 ൽ മറുപടിയ്ക്ക്

## നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിക്കുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.തിലോത്തമൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിച്ചിട്ടുണ്ടോ എന്നു പറയാമോ; നിലവിൽ ക്വിന്റലിന് എത്ര രൂപ നിരക്കിലാണ് നെല്ല് സംഭരിക്കുന്നത് എന്നു വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിച്ച് നല്കിയിട്ടുണ്ട്. നെല്ലിന്റെ താങ്ങുവില കിലോയ്ക്ക് 14/- രൂപയായിരുന്നത് ഈ സർക്കാർ അധികാരമേറ്റ ശേഷം കിലോയ്ക്ക് 15/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) നെൽകർഷകന് കൃഷിയിനത്തിൽ ചെലവാകുന്ന തുകയുടെ അടിസ്ഥാനത്തിൽ കൂടിയാണോ സംഭരണ വില നിശ്ചയിച്ചിട്ടുള്ളത് എന്നു പറയാമോ ; ഈ സർക്കാർ വന്നതിനുശേഷം കർഷക തൊഴിലാളികളുടെ കൂലി, കൊയ്ത്ത് കൂലി, മെതി കൂലി, യന്ത്രവാടക, ചുമട്ടുകൂലി എന്നിവ കാർഷിക മേഖലയിൽ വർദ്ധിച്ചിട്ടുണ്ടോ എന്നു പറയാമോ ; ഓരോന്നും എത്ര തുക വർദ്ധിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്ക് പ്രകാരം 2010 ലെ നെല്ലിന്റെ ഉല്പാദന ചെലവ് 2010 വർഷത്തിൽ ഹെക്ടറൊന്നിന് 33778/- രൂപയായി കണക്കാക്കിയിട്ടുണ്ട്. ഇതിൽ 46% തൊഴിലാളികളുടെ കൂലിയായും, 16% യന്ത്രക്കൂലിയായും 11% ജൈവ വളത്തിന്റെയും, രാസവളത്തിന്റെയും വിലയായി കണക്കാക്കിയിട്ടുണ്ട്. 2012 വർഷത്തിൽ വളത്തിന്റെ വില ഉയർന്ന സാഹചര്യത്തിൽ ഉല്പാദന ചെലവ് വീണ്ടും വർദ്ധിച്ചിട്ടുണ്ട്. |

(സി) മേൽപറഞ്ഞ ഇനങ്ങളിലെ ചെലവിന്റെ അടിസ്ഥാനത്തിലും നെൽകർഷകരുടെ അധ്വാനത്തിന്റെയും മുതൽ മുടക്കിന്റെയും അടിസ്ഥാന ത്തിലും നിലവിൽ നൽകുന്ന സംഭരണ വില നെൽ കർഷകരെ ഈ മേഖലയിൽ നിലനിർത്താൻ ഉതകുന്നതാണോ എന്നു പറയാമോ; സംഭരണ വില വർദ്ധിപ്പിക്കുവാൻ നടപടി കൈക്കൊള്ളുമോ?

(സി) നെല്ലിന് ഇപ്പോൾ നല്കുന്ന സംഭരണ വില കിലോയ്ക്ക് 15/- രൂപയാണ്. നിലവിൽ നെൽ കർഷകർക്ക് ഈ സംഭരണ തുക ന്യായമായതും നെൽകർഷകരെ ഈ മേഖലയിൽ നിലനിർത്താൻ ഉതകുന്നതുമാണ്.

സെക്ഷൻ ഓഫീസർ